# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വലിയപറമ്പ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-6/416/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 29/06/2021
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വലിയപറമ്പ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വലിയപറമ്പ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വലിയപറമ്പ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-6/416/2021 തീയ്യതി: 29/06/2021

## കാസർഗോഡ് ജില്ലയിലെ വലിയപറമ്പ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ വലിയപറമ്പ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അജിതൻ.ടി.എൻ | ഡെപ്യൂട്ടി ഡയറക്ടർ | 17-06-2021 | 25-06-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-06-2021 | 25-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

വിനോദ് കുമാർ.സി : ഓഡിറ്റ് ഓഫീസർ
തോമസ്.കെ : അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സുനിൽ കുമാർ.എം : സീനിയർ ഗ്രേഡ് ഓഡിറ്റർ

ഹരിവേണുഗോപാലൻ.പി : ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എം.ടി അബ്ദുൾ ജബ്ബാർ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| വിനോദൻ.എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 24-04-2019 |
| അനിൽ കുമാർ.എം | സെക്രട്ടറി | 25-04-2019 | 18-07-2019 |
| വിനോദൻ.എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 19-07-2019 | 28-07-2019 |
| രാജേഷ്. ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-07-2019 | 05-08-2019 |
| രമ.എം.എം | സെക്രട്ടറി | 06-08-2019 | 30-11-2019 |
| രമേശൻ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-12-2019 | 15-12-2019 |
| രാജേഷ്.ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-12-2019 | 23-12-2019 |
| ഷാജി.പി.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-12-2019 | 06-02-2020 |
| റാഷീദ് .കെ.റ്റി | സെക്രട്ടറി | 07-02-2020 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വഹീദ.കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| സന്തോഷ് ചാലിൽ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഗിരിജ കെ.വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ജിജേഷ് വി ശശീന്ദ്രൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 04-10-2019 |

| | | | |
|---|---|---|---|
| | വലിയപറമ്പ സർക്കിൾ | | |
| സമീറ.എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ വലിയപറമ്പ സർക്കിൾ | 05-10-2019 | 31-03-2020 |
| മുസ്തഫ.എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ മാവിലാക്കടപ്പുറം സർക്കിൾ | 01-04-2019 | 31-03-2020 |
| സുലോചന.പി | പ്രധാനാധ്യാപകൻ | 01-04-2019 | 31-03-2020 |
| ഡോ.ധന്യ ജോസഫ് | വെറ്റിനറി സർജ്ജൻ | 01-04-2019 | 31-12-2019 |
| ഡോ.സാബു | വെറ്റിനറി സർജ്ജൻ | 01-01-2020 | 31-03-2020 |
| ഡോ. ധന്യ ദയാനന്ദൻ | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2019 | 31-03-2020 |
| ഡോ. സബിത | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2019 | 31-03-2020 |
| ഡോ.പ്രവീണ.സി | മെഡിക്കൽ ഓഫീസർ ഹോമിയോ (എൻ.എച്ച്.എം) | 01-04-2019 | 31-03-2020 |
| വേണുഗോപാലൻ.പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| അബ്ദുള്ള.കെ.പി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Thomas. K (Asst. Audit Officer, On 25-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 26-06-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിലെ നിരീക്ഷണങ്ങൾ<br>Written By: Sunilkumar. M (Senior Grade Auditor, On 25-06-2021)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 25-06-2021) | 1-2 |
| 3 | ക്യാഷ്ബുക്ക് ദിനം പ്രതി സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Sunilkumar. M (Senior Grade Auditor, On 25-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 26-06-2021) | 1-2-1 |
| 4 | രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല<br>Written By: Sunilkumar. M (Senior Grade Auditor, On 25-06-2021)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 25-06-2021) | 1-2-2 |
| 5 | പ്രതിമാസ കണക്കുകൾ പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല<br>Written By: Sunilkumar. M (Senior Grade Auditor, On 25-06-2021)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 25-06-2021) | 1-2-3 |
| 6 | ബാലൻസ് ഷീറ്റിലെ അപാകതകൾ<br>Written By: Sunilkumar. M (Senior Grade Auditor, On 25-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 29-06-2021) | 1-2-4 |
| 7 | വസ്തുനികുതിയുടെ ഡിമാന്റ് വിവരം ലഭ്യമല്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 25-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 26-06-2021) | 1-2-5 |
| 8 | സാമ്പത്തിക വിശകലനം<br>Written By: Thomas. K (Asst. Audit Officer, On 25-06-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 25-06-2021) | 1-3 |
| 9 | വിവിധ ഫണ്ടുകളുടെ വിനിയോഗം<br>Written By: Thomas. K (Asst. Audit Officer, On 25-06-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 28-06-2021) | 1-4 |
| 10 | പദ്ധതി അവലോകനം<br>Written By: Thomas. K (Asst. Audit Officer, On 25-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 26-06-2021) | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി<br>Written By: Vinoth Kumar C (Audit Officer, On 25-06-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 25-06-2021) | 1-6 |
| 12 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം<br>Written By: Thomas. K (Asst. Audit Officer, On 25-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 26-06-2021) | 1-7 |
| 13 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Hari Venugopalan K V (Auditor, On 25-06-2021)<br>Last Updated By: Hari Venugopalan K V (Auditor, On 25-06-2021) | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം<br>Written By: Vinoth Kumar C (Audit Officer, On 25-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 29-06-2021) | 1-9 |
| 15 | ഓഡിറ്റ് റിപ്പോർട്ടുകളിൽ ചട്ടപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നില്ല<br>Written By: Thomas. K (Asst. Audit Officer, On 25-06-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 28-06-2021) | 1-10 |
| 16 | കെട്ടിട നിർമ്മാണം - അനധികൃത നിർമ്മാണ സാധ്യത | 1-11 |

| | | |
|---|---|---|
| | നിരീക്ഷിക്കുന്നില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 25-06-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 26-06-2021) | |
| 17 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 25-06-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 26-06-2021) | 1-12 |
| 18 | റെഗുലറൈസ്ഡ് കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 25-06-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 26-06-2021) | 1-13 |
| 19 | ആർജിത അവധി സറണ്ടർ അനുവദിച്ചത്- അപാകത.<br>Written By: Vinoth Kumar C (Audit Officer, On 25-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 26-06-2021) | 1-14 |
| 20 | പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരിയുടെ ആർജിത അവധി കണക്കാക്കുന്നതിൽ അപാകത.<br>Written By: Vinoth Kumar C (Audit Officer, On 25-06-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 26-06-2021) | 1-15 |
| 21 | പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.<br>Written By: Vinoth Kumar C (Audit Officer, On 25-06-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 28-06-2021) | 1-16 |
| 22 | ഇ ടെണ്ടർ അക്കൗണ്ട്- സൈറ്റുമായി മാപ്പ് ചെയ്തിട്ടില്ല.<br>Written By: Vinoth Kumar C (Audit Officer, On 25-06-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 28-06-2021) | 1-17 |
| 23 | റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയില്ല.<br>Written By: Vinoth Kumar C (Audit Officer, On 25-06-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 26-06-2021) | 1-18 |
| 24 | കാലതാമസത്തിനു ചുമത്തിയ പിഴ -സേവിങ്ങ്സ് അക്കൗണ്ടിൽ നിക്ഷേപിച്ചു.<br>Written By: Vinoth Kumar C (Audit Officer, On 25-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 26-06-2021) | 1-19 |
| 25 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭിച്ചിട്ടില്ല.<br>Written By: Thomas. K (Asst. Audit Officer, On 25-06-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 26-06-2021) | 1-20 |
| 26 | തുണി സഞ്ചി നിർമ്മാണ യൂണിറ്റുകൾക്ക് ധനസഹായം -സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.<br>Written By: Thomas. K (Asst. Audit Officer, On 25-06-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 26-06-2021) | 1-21 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Thomas. K (Asst. Audit Officer, On 25-06-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 25-06-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |

| | | |
|---|---|---|
| | Written By: Thomas. K (Asst. Audit Officer, On 25-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 29-06-2021) | |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Thomas. K (Asst. Audit Officer, On 25-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 26-06-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്<br>Written By: Thomas. K (Asst. Audit Officer, On 25-06-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 25-06-2021) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Thomas. K (Asst. Audit Officer, On 25-06-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 25-06-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Thomas. K (Asst. Audit Officer, On 25-06-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 25-06-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Thomas. K (Asst. Audit Officer, On 25-06-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 25-06-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ<br>Written By: Thomas. K (Asst. Audit Officer, On 25-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 26-06-2021) | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Thomas. K (Asst. Audit Officer, On 25-06-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 25-06-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Thomas. K (Asst. Audit Officer, On 25-06-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 26-06-2021) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Thomas. K (Asst. Audit Officer, On 25-06-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 28-06-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | റസീറ്റ് & പേമന്റ് സ്റ്റേറ്റ്മെന്റ് | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1

### 1-1 ബജറ്റ്

2019-20വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | 15/19 Dtd 06.02.2019 | 34/20(1) Dtd 29/02/2020 |
| മുന്നിരിപ്പ് | 400331.51 | (-)1083755 |
| വരവ് | 60406415.00 | 82619934 |
| ആകെ | 60806746.51 | 81536179 |
| ചെലവ് | 60040215.00 | 80981816 |
| നീക്കിയിരിപ്പ് | 766531.51 | 554363 |

### 1-2 വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിലെ നിരീക്ഷണങ്ങൾ

വലിയപറമ്പ ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ധനകാര്യ പത്രിക 23.06.2020 ന് ഓഡിറ്റിന് സമർപ്പിച്ചിരുന്നു. ധനകാര്യ പത്രികയുടെ വിശദമായ പരിശോധനയും സർട്ടിഫിക്കേഷനും ഓഡിറ്റ് വേളയിൽ നടത്തി. ധനകാര്യ പത്രികയുടെ വെരിഫിക്കേഷനുമായി ബന്ധപ്പെട്ട പൊതുവായ നിരീക്ഷണങ്ങൾ, കണക്ക് സൂക്ഷിപ്പുമായി ബന്ധപ്പെട്ടുള്ള ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പരിശോധന തുടങ്ങിയവ സംബന്ധിച്ചുള്ള പ്രധാന നിരീക്ഷണങ്ങൾ ചുവടെ ഉപ ഖണ്ഡികകളായി ചേർക്കുന്നു.

### 1-2-1 ക്യാഷ്ബുക്ക് ദിനം പ്രതി സാക്ഷ്യപ്പെടുത്തുന്നില്ല

ക്യാഷ് ബുക്ക് ദിവസേന പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തുന്നില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 5 (4) പ്രകാരം സെക്രട്ടറി ദിനം പ്രതി ക്യാഷ് ബുക്ക് സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്.

### 1-2-2 രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല

എ) ടെണ്ടർ ഫോം / ഷെഡ്യൂൾ വിൽപ്പന രജിസ്റ്റർ - ടെണ്ടർ ഫോറങ്ങളുടെയും ഷെഡ്യൂളുകളുടെയും വിൽപ്പനയുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ടെണ്ടർ ഫോറങ്ങളുടെ വിൽപ്പന വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ബി) 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങളിലെ ചട്ടം 137 പ്രകാരമുള്ള കെട്ടിടങ്ങളുടെ റെഗുലറൈസേഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

സി) ആസ്തി രജിസ്റ്റർ- ആസ്തി രജിസ്റ്റർ കാലഹരണപ്പെട്ടിട്ടുണ്ട്. വർഷങ്ങളായി ആസ്തി രജിസ്റ്ററിൽ പുതുക്കലുകൾ വരുത്തുകയോ കാലികമാക്കുകയോ ചെയ്തിട്ടില്ല. സചിത്ര സോഫ്റ്റ് വെയറിലെ വിവരങ്ങളും കാലികമല്ല.

### 1-2-3 പ്രതിമാസ കണക്കുകൾ പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 60 പ്രകാരം സെക്രട്ടറി സമർപ്പിക്കുന്ന പ്രതിമാസ റസീറ്റ് ആൻഡ് പേമെന്റ്സ് അക്കൗണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കുകയും ഓഡിറ്റ് ചെയ്യുകയും ചെയ്ത ശേഷം കമ്മിറ്റിയുടെ ശുപാർശയോടു കൂടി തുടർന്ന് വരുന്ന പഞ്ചായത്ത് മീറ്റിംഗിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ നടപടികൾ സ്വീകരിച്ചിട്ടില്ല.

## 1-2-4 ബാലൻസ് ഷീറ്റിലെ അപാകതകൾ

A) 31.03.2020 ലെ ബാലൻസ് ഷീറ്റിൽ 350800199-Other Creditors എന്ന ഹെഡിൽ 13,247 രൂപ നീക്കിയിരിപ്പ് ബാദ്ധ്യത കാണിച്ചിട്ടുണ്ട്. ഈ തുക തനതു ഫണ്ട് അക്കൗണ്ടിൽ വരവു വന്ന തുകയാണ്. ഈ തുക എവിടെ നിന്ന് എന്ത് ആവശ്യത്തിന് ലഭിച്ചുവെന്ന വിവരങ്ങൾ കണക്കിൽ പെടുത്തിയിട്ടില്ല.

B) 31.03.2020-ലെ ബാലൻസ് ഷീറ്റിൽ 320700104-CJVP From Block Panchayat എന്ന ഹെഡിൽ 1,68,384 രൂപ ബാദ്ധ്യതയുണ്ട്. എന്നാൽ ഈ തുക 01.04.2012 മുതൽ ക്യാരി ഓവർ ചെയ്തു വരുന്ന തുകയാണ്. ഈ തുക ആരിൽ നിന്ന് എപ്പോൾ എന്ത് ആവശ്യത്തിന് ലഭിച്ചതാണ് എന്ന വിവരം ഇല്ലാത്തതിനാൽ ഇത് നിലവിലുള്ള ബാദ്ധ്യത തന്നെയാണോ എന്ന് വ്യക്തമല്ല.

C) 31.03.2020 ലെ ബാലൻസ് ഷീറ്റിൽ 320800199- Other Grants, Funds &Contributions For Specific Purposes-Capital എന്ന ഹെഡിൽ 1,00,000 രൂപ ബാദ്ധ്യതയുണ്ട്. ഈ നീക്കിയിരിപ്പ് തുകയിൽ 24.06.2015 ന് 41500031 നമ്പർ വൗച്ചർ മുഖേന അക്കൗണ്ടിൽ വരവു വന്ന തുകയാണ്. ഇത് എന്ത് ആവശ്യത്തിന് ലഭിച്ചതാണ് എന്ന് നാളിതു വരെ കണ്ടെത്തിയിട്ടില്ല.

D) 31.03.2020 ലെ ബാലൻസ് ഷീറ്റിൽ 412010101-Capital Work In Progress എന്ന ഹെഡിൽ 2,16,169 രൂപയും, 350400501-Refunds Payable- Grants&Funds എന്ന ഹെഡിൽ 36,605രൂപയും നീക്കിയിരിപ്പുണ്ട്. ഈ തുകയുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

E) അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് രീതിയിലേക്ക് മാറുന്നതിന് മുമ്പുള്ള എല്ലാ ആസ്തി ബാധ്യതകളുടേയും മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. തൻ വർഷം ആർജ്ജിച്ച ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടുമില്ല. വാർഷിക കണക്കുകളുമായി താരതമ്യം ചെയ്യാവുന്ന വിധത്തിൽ ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ബാലൻസ്ഷീറ്റ് (B-11 Schedule) പ്രകാരമുള്ള ആസ്തികളുടെ രേഖപ്പെടുത്തൽ പരിശോധിക്കാനായില്ല.

## 1-2-5 വസ്തുനികുതിയുടെ ഡിമാന്റ് വിവരം ലഭ്യമല്ല.

വസ്തുനികുതിയുടെ ഡിമാന്റ് രജിസ്റ്റർ സഞ്ചയ അപ്ലിക്കേഷനിൽ ലഭ്യമാണെന്ന് അറിയിച്ചുവെങ്കിലും, പരിശോധനാസമയത്ത് സോഫ്റ്റ് വെയറിൽനിന്നും തൻവർഷത്തെ ഡി.സി.ബിയുടെ സംക്ഷിപ്തം ലഭ്യമാക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യപത്രികയിലെ വസ്തുനികുതി സംബന്ധിച്ച വിശദാംശങ്ങൾ ഡി.സി.ബിയുമായി താരതമ്യം ചെയ്ത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. വസ്തു നികുതി തൻ വർഷം 8,57,577 രൂപ അക്രൂവൽ വരുമാനമായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം അക്രൂവൽ വരുമാനം രേഖപ്പെടുത്താൻ ആധാരമാക്കിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2019-20 |
|---|---|
| മുന്നിരിപ്പ് | 4907508 |
| വരവ് | 32995682 |
| ആകെ | 37903190 |
| ചെലവ് | 32163299 |
| നീക്കിയിരിപ്പ് | 5739891 |

## 1-4 വിവിധ ഫണ്ടുകളുടെ വിനിയോഗം

(എ) ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (2019-20)

(സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത തുക ഉൾപ്പടെ)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 6917000 | 6917000 | 6917000 | | 100 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1586000 | 1586000 | 1189643 | 396357 | 75.01 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 2630000 | 2630000 | 2250811 | 379189 | 85.58 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3246000 | 3246000 | 2767497 | 478503 | 85.26 |
| --- ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5286303 | 5286303 | 1793302 | 3493001 | 33.92 |
| ആകെ | 0 | 19665303 | 19665303 | 14918253 | 4747050 | 75.86 |

സമയബന്ധിതമായി ചെലവഴിക്കാൻ സാധിക്കാതെ ലാപ്സായ തുക ₹ 47,47,050

(ബി) ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 6139356 | 6139356 | 6139356 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1189643 | 1189643 | 1189643 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 2250811 | 2250811 | 2250811 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2767497 | 2767497 | 2767497 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 1793302 | 1793302 | 1793302 | 0 |
| ബി ഫണ്ട് | | | | | |
| തൊഴിൽ രഹിത വേതനം | 0 | 3360 | 3360 | 3360 | 0 |
| വിവാഹധനസഹായം | 0 | 120000 | 120000 | 120000 | 0 |
| തൊഴിലുറപ്പ് -<br>100 ദിന ഇൻസെന്റീവ് | 0 | 128000 | 128000 | 128000 | 0 |
| ട്രഷറി അക്കൗണ്ട് | | | | | |
| ട്രഷറി TSB- ജനറൽ പർപ്പസ്<br>(*ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ (ഗ്യാപ് ഫണ്ട്, റവന്യൂകളക്ഷൻ ഇൻസെന്റീവ് ഉൾപ്പടെ) തൻ വർഷത്തെ വരവ് 68,31,244 രൂപയാണ്. TSBഅക്കൗണ്ടിൽ വരവ് വന്ന മറ്റിനങ്ങൾ കൂടി ഉൾപ്പെട്ട തുകയാണ് വരവായി പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ) | 2676744 | 7104181* | 9780925 | 6242225 | 3538700 |
| TSB സംയുക്ത പദ്ധതി | 54586 | 0 | 54586 | 54586 | 0 |
| ബാങ്ക് അക്കൗണ്ടുകൾ | | | | | |
| SBI E-പേയ്മെന്റ് | 33096 | 50147 | 83243 | 654 | 82589 |
| KGB തനത് ഫണ്ട്,<br>ലൈഫ് പദ്ധതി , Etc.. | 1649361 | 9790898 | 11440259 | 9701802 | 1738457 |
| KGB പ്ലാൻ | 295352 | 11607 | 306959 | 0 | 306959 |
| ജില്ലാ സഹകരണ ബാങ്ക് | 17980 | 728 | 18708 | 40 | 18668 |
| സാക്ഷരത | 1273 | 55 | 1328 | 0 | 1328 |
| തൊഴിലുറപ്പ് പദ്ധതി | 79540 | 1644820 | 1724360 | 1704939 | 19421 |
| SSA | 32492 | 1277 | 33769 | 0 | 33769 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 127 | 80 | 8 | 39 | 62.9 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2019-20 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2019-20 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 27 | 7059737 | 18 | 3625138 | 51.35 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 0 | 0 | 0 | 0 | 0 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 61 | 10332622 | 37 | 5615874 | 54.35 |
| 4 | കൃഷി ഓഫീസർ | 3 | 1083140 | 3 | 695956 | 64.25 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 12 | 11938393 | 9 | 8213007 | 68.79 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 2210250 | 3 | 1889891 | 85.51 |
| 7 | വെറ്ററനറി സർജ്ജൻ | 4 | 886400 | 3 | 213000 | 24.03 |
| 8 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 2 | 389000 | 2 | 389000 | 100 |
| 9 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 5 | 1002000 | 5 | 877605 | 87.59 |
| 10 | മെഡിക്കൽ ഓഫീസർ - ഹോമിയോ | 0 | 0 | 0 | 0 | 0 |
| 11 | പ്രധാനാധ്യാപകൻ | 7 | 1037650 | 7 | 1031907 | 99.45 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 200000 | 1 | 200000 | 100 |
| 13 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 197294 | 0 | 0 | 0 |
| | ആകെ | 127 | 36336486 | 88 | 22751378 | 62.61 |

..

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 79540 | 1644820 | 1724360 | 1704939 | 19421 |
| ഗുണഭോക്താക്കൾക്ക് | 0 | 19922788 | 19922788 | 19922788 | 0 |

| | | | | | |
|---|---|---|---|---|---|
| നേരിട്ട് നൽകുന്നത് | | | | | |
| 100 ദിനം ഇൻസെന്റീവ് | 0 | 128000 | 128000 | 128000 | 0 |
| ആകെ | 79540 | 21695608 | 21775148 | 21755727 | 19421 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2019-20 വർഷം 707 പദ്ധതികളുൾപ്പെടുന്ന 6.76 കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 181 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 70631 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ദിനം ലഭിച്ച 44 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 3360 | 2 |
| കർഷകതൊഴിലാളി പെൻഷൻ | 1260600 | 355 |
| വിധവാപെൻഷൻ | 2622600 | 740 |
| വാർദ്ധക്യകാലപെൻഷൻ | 1612200 | 478 |
| വികലാംഗപെൻഷൻ | 732000 | 201 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായ മുള്ള വനിതകൾക്കുള്ള പെൻഷൻ | 98400 | 28 |
| വിധവകളുടെ പെൺമക്കൾ ക്കുള്ള വിവാഹ ധനസഹായം | 120000 | 4 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-06-2021 തീയ്യതിയിൽ 3.15 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 408/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

### പൊതു നിയന്ത്രണം

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | ഹെഡ് ക്ലാർക്ക് | 1 |

| | | |
|---|---|---|
| 3 | അക്കൗണ്ടന്റ് | 1 |
| 4 | സീനിയർ ക്ലാർക്ക് | 2 |
| 5 | ക്ലാർക്ക് | 3 |
| 6 | ഓഫീസ് അറ്റൻഡന്റ് | 1 |
| 7 | പാർടൈം സ്വീപ്പർ | 1 |

26.06.2018 ലെ ഉത്തരവ് നം 8/2018പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ ദൈനംദിനപ്രവർത്തനത്തിൽ നിരവധി സോഫ്റ്റ് വെയറുകൾ ഉപയോഗിക്കുന്നുണ്ട്. എന്നാൽ പുതിയ ഓഫീസ് ഉത്തരവിൽ ഓരോ ജീവനക്കാർക്കും ചുമതലകൾ വിഭജിച്ച നൽകുമ്പോൾ സോഫ്റ്റ് വെയറുകളുടെ ഉപയോഗം അവയുടെ ബാക്ക് അപ്പ് എടുത്ത് സൂക്ഷിക്കൽ എന്നിവയുടെ പരാമർശങ്ങളൊന്നും ഇല്ല. ഈ അപാകതൾ പരിഹരിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 21 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 16 പ്രാവശ്യവും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 14 പ്രാവശ്യവും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 14 പ്രാവശ്യവും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 18 പ്രാവശ്യവും യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിക്കുന്നില്ല. (7/2019, 9/2019, 12/2019, 1/2020 എന്നീ മാസങ്ങളിലെ വരവ് ചെലവ് കണക്കുകൾ മാത്രമാണ് തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളത്). സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥൻമാരെ കൂടി പങ്കെടുപ്പിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2019-2020 സാമ്പത്തിക വർഷം 7 തവണ ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ മിനുട്സ് ബുക്കിൽ രേഖപ്പെടുന്നുണ്ട്. ജീവനക്കാരുടെ യോഗം മാസത്തിൽ ഒരുതവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

<u>കൺട്രോൾ ഓവർ അക്കൗണ്ട്</u>

അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. നവീകരിച്ച അക്കൗണ്ടിങ്ങ് മാന്വൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്. സ്ഥാപനത്തിൽ കൃത്യമായും സമയബന്ധിതമായും സ്ഥാപനത്തിന്റെ അക്കൗണ്ടിങ്ങ് ഇടപാടുകൾ രേഖപ്പെടുത്തി വരികയും, ആയതുവഴി സ്ഥാപനത്തിന്റെ ഏതു സമയത്തുമുള്ള സാമ്പത്തിക നില പ്രതിഫലിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ജനറൽ ലെഡ്ജറും സബ്സിഡി ലെഡ്ജറും ഉൾക്കൊള്ളുന്ന ഡബിൾ എൻട്രി സിസ്റ്റമാണ് സ്ഥാപനത്തിൽ നിലവിലുള്ളത്. അംഗീകരിക്കപ്പെടേണ്ട ജേർണൽ എൻട്രികൾ അതാതു സമയത്തെ മേലുദ്യോസ്ഥൻമാർ അംഗീകരിക്കുന്നുണ്ട്. രസീതു ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. അഗ്നിബാധ, മോഷണം, പ്രകൃതി ദുരന്തം, രേഖകളിൽ കൃത്രിമം വരുത്തൽ എന്നിവയിൽ നിന്നും സംരക്ഷിക്കപ്പെടുന്ന തരത്തിലാണ് അക്കൗണ്ടിങ്ങ് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചുള്ളത്. ഓരോ അക്കൗണ്ടിങ്ങ് രേഖളിലേക്കുമുള്ള പ്രവേശനവും (ലോഗിൻ വഴി) നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥർക്കായി പരിമിതപ്പെടുത്തിട്ടുണ്ട്.

ബഡ്ജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചിലവ് കണക്കുകൾ കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൌണ്ട് റൂളുകളും അക്കൗണ്ടിംഗ് പോളിസികളും പാലിക്കുന്നുണ്ട്. മാസാന്ത്യ/

വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. അക്കൗണ്ടിന്റെ ബാക്ക്അപ്പ് കൃത്യമായി എടുത്ത് സൂക്ഷിക്കുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപെട്ടിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിദാശ്വാസ നിധി ആരംഭിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

<u>പണത്തിനും ബാങ്കിനും മുകളിലുള്ള നിയന്ത്രണം</u>

പഞ്ചായത്തിൽ നിലനിർത്തിപോരുന്ന എല്ലാ ബാങ്ക് അക്കൗണ്ടുകളുടേയും മുഴുവൻ ലിസ്റ്റ് നിലവിലുണ്ട്. ആയതു് പഞ്ചായത്തിന്റെ വരവ് ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടുമുണ്ട്. വിവിധ വരവുകൾ യഥായമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്.സുരക്ഷിതമായ തരത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വീകരിച്ചു വരുന്നത്.

<u>ഡി.സി.ബി വരവുകളിൻ മേലുള്ള നിയന്ത്രണം</u>

ഓരോ വരവിനത്തിലുമുള്ള ഡിമാന്റുകൾ കൃത്യമായി ഡി.സി.ബി.രജിസ്റ്ററുകളിൽ രേഖപ്പെടുത്തുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. ഡി.സി.ബി. വരവുകൾ കാഷ് ബുക്കിലും ലഡ്ജറുകളിലും കൃത്യമായി രേഖപ്പെടുത്തുകയും റിക്കൺസിലിയേഷൻ നടത്തുകയും ചെയ്യുന്നുണ്ട്.

<u>നികുതി -നികുതിയേതര വരവുകളിൽ മേലുള്ള നിയന്ത്രണം</u>

വരവിനങ്ങളെല്ലാം കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് നികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റ് വെയർ മുഖേനയാണ്. തൻവർഷം 100 % നികുതി പിരിവ് കൈവരിച്ചിട്ടുണ്ട്.

<u>കൺട്രോൾ ഓവര് പ്രൊക്യൂർമെന്റ്.</u>

വലിയപറമ്പ ഗ്രാമപഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റി നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റി 2019-20 വർഷത്തിൽ ആകെ മൂന്ന് തവണ യോഗം (29.08.2019, 01.01.2020, 07.02.2020) ചേർന്നിട്ടുണ്ട്.

സാധന സാമഗ്രികൾ സമാഹരിക്കുന്നതിനുള്ള ചട്ടങ്ങളും സ്റ്റോർ പർച്ചേസ് ചട്ടങ്ങളും സ്ഥാപനം അനുസരിക്കുന്നുണ്ട്. സാധന സാമഗ്രികളുടെ സമാഹരണവുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

<u>കൺട്രോൾ ഓവർ പേറോൾ</u>

ജീവനക്കാരുടെ സേവന പുസ്തകം കൃത്യമായി പരിപാലിക്കുന്നില്ല. ജീവനക്കാരുടെ ശമ്പള പരിഷ്കരണം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും സമയാസമയങ്ങളിൽ അംഗീകാരം വാങ്ങുന്നില്ല. ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ചുവടെ പറയുന്ന ജീവനക്കാരുടെ ശമ്പളം 01.07.2014ന് ജി.ഒ (പി) നം 7/2016/Fin തീയതി 20.01.2016 പ്രകാരം പരിഷ്കരിച്ചത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും അംഗീകാരം വാങ്ങിയിട്ടില്ല.

| ക്രമ നം | ജീവനക്കാരന്റെ പേര് | തസ്തിക |
|---|---|---|
| 1 | ശ്രീ.കൃഷ്ണകുമാർ.ജി | ഹെഡ് ക്ലാർക്ക് |
| 2 | ശ്രീമതി.ശ്രീകല.പി | ക്ലാർക്ക് |

ജീവനക്കാരുടെ ശമ്പളം നിലവിൽ ബാങ്ക് അക്കൗണ്ട് വഴിയാണ് നൽകുന്നത്. ജീവനക്കാരുടെ പെൻഷൻ കോണ് ട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട

വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്. NPS പെൻഷൻ പദ്ധതിയിലുൾപ്പെടുന്ന ജീവനക്കാരുടെ പെൻഷൻ കോൺ ട്രിബ്യൂഷനും കൃത്യമായി ഈടാക്കുന്നുണ്ട്.

രജിസ്റ്ററുകളുടെ സൂക്ഷിപ്പിൻമേലുള്ള നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രജിസ്റ്ററുകളായ അക്വിറ്റൻസ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ജീവനക്കാരുടെ റിക്കവറി രജിസ്റ്റർ, തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. ഇൻകുബൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. ലോൺരജിസ്റ്റർ, ഡിപ്പോസിറ്റ് രജിസ്റ്റർ,സ്യൂട്ട് രജിസ്റ്റർ, ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, എന്നിവ സൂക്ഷിച്ചിട്ടില്ല. ആയത് അടിയന്തിരമായും എഴുതി സൂക്ഷിക്കേണ്ടതാണ്.

ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. 26.06.2018 ലെ ഉത്തരവ് നം 8/2018പ്രകാരമുള്ള ജീവനക്കാരുടെ ജോലി വിഭജനത്തിൽ ഓരോ സെക്ഷനും പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും ആയത് എല്ലാ മാസവും പത്താം തീയതിക്കകം ഹെഡ് ക്ലാർക്കിന് പരിശോധനയ്ക്കായി സമർപ്പിക്കേണ്ടതുമാണ് എന്ന് നിർദ്ദേശിക്കുന്നുണ്ട്. ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും സമയബന്ധിതമായി തീർപ്പുകൽപിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്.

ആസ്തികളിൻമേലുള്ള നിയന്ത്രണം

ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്ഥാപനത്തിൽ അസറ്റ് രജിസ്റ്റർ എഴുതി തയ്യാറാക്കേണ്ടതും അതിന്റെ മൂല്യനിർണ്ണയം നടത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്.

1-10 ഓഡിറ്റ് റിപ്പോർട്ടുകളിൽ ചട്ടപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നില്ല

1) കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(1) ൽ നിർദ്ദേശിച്ച പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ടിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനം രണ്ടാഴ്ചക്കുള്ളിൽ പെർഫോമൻസ് ഓഡിറ്റർക്ക് അയച്ചുകൊടുക്കേണ്ടതും റിപ്പോർട്ടിന്മേൽ പഞ്ചായത്ത് കൈക്കൊള്ളേണ്ട നടപടികളെപ്പറ്റി ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകേണ്ടതും മേൽ നടപടികൾ നിരീക്ഷിക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരം റിപ്പോർട്ട് അയച്ചു കൊടുക്കുകയോ ആവശ്യമായ മാർഗനിർദ്ദേശങ്ങൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

2) പ്രസ്തുത ചട്ടങ്ങളിലെ 15(2) ചട്ടം അനുശാസിക്കുന്ന പ്രകാരം, ഓഡിറ്റ് റിപ്പോർട്ട്, പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെ പകർപ്പ് സഹിതം ഗ്രാമ സഭകളിൽ ചർച്ചക്ക് വെക്കുകയുണ്ടായിട്ടില്ല.

3) നിലവിൽ ഗ്രാമപഞ്ചായത്തിൽ 1987-88 മുതലുള്ള 26 ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. പഞ്ചായത്ത് രാജ് നിയമ പ്രകാരം വരവുകളുടെ തിട്ടപ്പെടുത്തലും ഈടാക്കലും, ചെലവുകളുടെ ആദ്യ ഓഡിറ്റ് നടത്തേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയാണ്. വരവു ചെലവുകളുടെ സുതാര്യത ഉറപ്പു വരുത്തതിനും പോരായ്മകൾ പരിഹരിക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് ബാധ്യതയുണ്ട്.

4) ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾക്കും അപാകതകൾ പരിഹരിക്കുന്നതിന് നല്കുന്ന നിർദ്ദേശങ്ങൾക്കും അർഹമായ പ്രാധാന്യം സ്ഥാപനം നൽകുന്നതായി കാണുന്നില്ല. ഉദ്യോഗസ്ഥർ മുതൽ ഭരണസമിതി വരെയുള്ള വിവിധ തലങ്ങളിലെ ജാഗ്രതക്കുറവാണ് അപാകതകൾ ആവർത്തിക്കാൻ കാരണമെന്നു കാണാം. വിവിധ റിപ്പോർട്ടുകളിലായി പരാമർശിച്ചതും നിലവിലും ആവർത്തിക്കുന്നതുമായ അപാകതകൾ പരിഹരിക്കുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും പ്രത്യേകശ്രദ്ധ പതിപ്പിക്കേണ്ടതും സ്വീകരിച്ച നടപടിയുടെ വിശദാംശം ഓഡിറ്റിന്

സമർപ്പിക്കേണ്ടതുമാണ്. കൂടാതെ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ ചട്ടം അനുശാസിക്കുന്ന പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

**1-11 കെട്ടിട നിർമ്മാണം - അനധികൃത നിർമ്മാണ സാധ്യത നിരീക്ഷിക്കുന്നില്ല.**

സ്ഥാപനത്തിൽ പെർമിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിക്കുമ്പോഴോ പുതുക്കുമ്പോഴോ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. ഇതുകൊണ്ട് തന്നെ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ പുതുക്കുകയോ ചെയ്യാത്ത പെർമിറ്റുകൾ നിരീക്ഷണവിധേയമാക്കാനോ അനധികൃത നിർമ്മാണമുണ്ടെങ്കിൽ നടപടികൾ സ്വീകരിക്കാനോ കഴിയുന്നില്ല. നിലവിലുള്ള കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനുള്ള പെർമിറ്റുകളുടെ കാര്യത്തിൽ പ്രത്യേകിച്ചും പൂർത്തീകരണ വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടത് കെട്ടിട ഉടമയെ സംബന്ധിച്ച് അത്യാവശ്യമായ കാര്യമല്ലാത്തതിനാൽ കംപ്ലീഷൻ പ്ലാൻ സമർപ്പിക്കണമെന്നില്ല. എന്നാൽ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം പഴയനിരക്കിൽ കണക്കാക്കിയ നികുതിക്കു പകരം കെട്ടിടത്തിനു മുഴുവൻ പുതിയ നിരക്കിൽ നികുതി കണക്കാക്കി ഈടാക്കാനുള്ള സാധ്യതയുണ്ടാകുന്നു. ഇത്തരം കെട്ടിടങ്ങളുടെ കാര്യത്തിൽ പെർമിറ്റ് കാലാവധിക്കു ശേഷം സൈറ്റ് പരിശോധന നടത്തിയാൽ മാത്രമാണ് നിജസ്ഥിതി കണ്ടെത്താനാവുക. രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ ഇത്തരം പരിശോധന നടത്തപ്പെടാത്തത് നികുതി ഇനത്തിൽ വൻതുക സ്ഥാപനത്തിന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയുമാണ്. സ്ഥാപന പരിധിക്കുള്ളിലെ കെട്ടിടനിർമ്മാണ നിയന്ത്രണം സാധ്യമാകുന്നത് ഫീൽഡ് തല പരിശോധനയിലൂടെയാണ്. എന്നാൽ ഇത് സാധ്യമാകുന്നതിന് ഉതകുന്നതരത്തിൽ ഒരു ഓഫീസ് ഉത്തരവ് സ്ഥാപനത്തിൽ നിലവിലില്ല. ഇതുകൊണ്ട് തന്നെ ഫീൽഡ് ഡ്യൂട്ടിക്ക് ഉത്തരവാദിത്വമുള്ള വാർഡ് ക്ലാർക്കുമാർക്ക് അവരുടെ ഉത്തരവാദിത്വം തിരിച്ചറിയാൻ കഴിയാതെ വന്നിട്ടുണ്ട്. കെട്ടിടനിർമ്മാണം ഉൾപ്പടെ ഫീൽഡിൽ നടക്കുന്ന നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട പ്രാഥമിക ഉത്തരവാദിത്വം നിറവേറ്റുന്നതിന് പകരം നികുതി പിരിവ് , പരാതികളിന്മേൽ അന്വേഷണം തുടങ്ങിയ കർത്തവ്യങ്ങൾക്കാണ് ഇവർ ഫീൽഡ് സന്ദർശനം നടത്തുന്നത്. ക്രമവൽകരണ ഇനത്തിൽ 73,108 രൂപ ഓഡിറ്റ് വർഷം ഈടാക്കിയിട്ടുണ്ട്. അനധികൃത നിർമ്മാണങ്ങൾ ഉണ്ടാകുവാനുള്ള സാഹചര്യം ഉണ്ടെങ്കിലും ഓഡിറ്റ് കാലയളിൽ ഒരു അനധികൃതനിർമ്മാണം പോലും റിപ്പോർട്ട് ചെയ്തിട്ടില്ലെന്നത് മേൽ പശ്ചാത്തലത്തിൽ കാണേണ്ടതാണ്.

അനധികൃത നിർമ്മാണങ്ങൾ തടയുന്നതിന് ആവശ്യമായ എല്ലാ മുൻകരുതലുകളും സ്വീകരിക്കേണ്ടതും, ഇത്തരം നിർമ്മാണങ്ങൾ പ്രാരംഭ ഘട്ടങ്ങളിൽ തന്നെ തടയുവാനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതുമാണ് . ഇക്കാര്യത്തിലുള്ള തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.**

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നില്ല. സാംഖ്യാ അക്കൗണ്ട് പ്രകാരം ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതും സാംഖ്യാ അക്കൗണ്ട് പ്രകാരമുള്ള വരവുമായി റികൺസൈൽ ചെയ്യേണ്ടതുമാണ്. ആയത് പാലിച്ചിട്ടില്ല.

## 1-13 റെഗുലറൈസ്ഡ് കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ 2011 -ലെ ചട്ടം 137 പ്രകാരം സെക്രട്ടറി ഒരു ലിഖിത ഉത്തരവിലൂടെ ക്രമവൽക്കരണം അനുവദിച്ചു കൊടുക്കുമ്പോൾ, ആയത് അനുബന്ധം - J ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ക്രമവൽക്കരണത്തിനു വേണ്ടി നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ടെങ്കിലും നാളിതു വരെ പഞ്ചായത്തിൽ ക്രമവൽകൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഉൾകൊള്ളുന്ന രജിസ്റ്റർ സൂക്ഷിച്ചു പോരുന്നില്ല. നിലവിൽ പെർമിറ്റ് രജിസ്റ്ററിൽ തന്നെയാണ് ആയത് കാണിക്കുന്നത്, ഇത് ക്രമപ്രകാരമല്ല. കെട്ടിട നിർമാണ ക്രമവൽകരണം സംബന്ധിച്ച് ചട്ടങ്ങൾ നിഷ്കർഷിക്കുന്ന രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിന് വിശദീകരണം നല്കേണ്ടതാണ്.

## 1-14 ആർജിത അവധി സറണ്ടർ അനുവദിച്ചത്- അപാകത.

05.11.2020 ലെ ജി.ഒ (പി)നം 152/2020/ധന പ്രകാരം സർക്കാർ ജീവനക്കാരുടെ 2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിക്കുന്നതു സമ്പന്ധിച്ച് സർക്കാർ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഇപ്രകാരം ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ സംബന്ധിച്ച് പുതുക്കിയ നിർദ്ദേശങ്ങൾ വരുന്നതിനു മുൻപേ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 27.05.2021ലെ ഉത്തരവ് നമ്പർ എ1-1677/21 പ്രകാരം ചുവടെ പരാമർശിക്കുന്ന ജീവനക്കാർക്ക് 3,69,698/- രൂപ ആർജിത അവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. ചെക്ക് നമ്പർ 14999/02.06.2021 പ്രകാരം ഈ തുക ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും മാറിയിട്ടുണ്ട്.

| ക്രമ നം | ജീവനക്കാരന്റെ പേര്, തസ്തിക. | ആർജിത അവധി സറണ്ടർ ഇനത്തിൽ അനുവദിച്ച തുക. |
|---|---|---|
| 1 | കൃഷ്ണ കുമാർ.ജി, ഹെഡ് ക്ലാർക്ക് | 57,054/- |
| 2 | ശ്രീകല.പി, ക്ലാർക്ക് | 64,269/- |
| 3 | ബെർണാഡ്. എം.വി, സീനിയർ ക്ലാർക്ക് | 49,395/- |
| 4 | സീമ.ആർ, സീനിയർ ക്ലാർക്ക് | 44,733/- |
| 5 | ജയേഷ് കുമാർ.കെ.വി, അക്കൗണ്ടന്റ് | 48,578/- |
| 6 | ബിനുമോൾ.കെ.വി, ക്ലാർക്ക് | 34,521/- |
| 7 | സുനിത.പി.പി, ഓഫീസ് അറ്റൻഡന്റ് | 32,765/- |
| 8 | നിഷാ.പി, ക്ലാർക്ക് | 31,909/- |
| 9 | ഷൈലജ.എം.ടി, പാർട്ട് ടൈം സ്വീപ്പർ | 6,474/- |

2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ട്രഷറി വകുപ്പ് ഡയറക്ടറുടെ 31.05.2021ലെ കത്ത് നമ്പർ TRY/1850/2021-E1 പ്രകാരം ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ സംബന്ധിച്ച് പുതുക്കിയ നിർദ്ദേശങ്ങൾ ലഭിച്ചതിനുശേഷം മാത്രമേ സംസ്ഥാന സർക്കാർ ജീവനക്കാർ ജീവനക്കാരുടെ സറണ്ടർ ബില്ലുകൾ പരിഗണിക്കേണ്ടതുള്ളൂ എന്ന നിർദ്ദേശം ഉണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ സറണ്ടർ അനുവദിച്ചിട്ടില്ല. കൂടാതെ 2021-2022 സാമ്പത്തിക വർഷത്തെ ലീവ് സറണ്ടർ തുക ജീവനക്കാർക്ക് അനുവദിക്കുന്നത് പണമായാണോ/ജി.പി.എഫ് അക്കൗണ്ടിലേക്കാണോ എന്നതു സംബന്ധിച്ചും സർക്കാരിൽ നിന്നും നിർദ്ദേശങ്ങൾ ലഭിച്ചിട്ടില്ല.

2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും തുടർ നിർദ്ദേശങ്ങൾ ലഭിക്കുന്നതിനു മുൻപുതന്നെ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് ആർജിത അവധി സറണ്ടർ അനുവദിച്ചതിന് വിശദീകരണം ആവശ്യമാണ്.

## 1-15 പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരിയുടെ ആർജിത അവധി കണക്കാക്കുന്നതിൽ അപാകത.

01.11.1989 ലെ ജി.ഒ (പി)നം 480/89/ഫിൻ പ്രകാരം പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്ക് ഒരു വർഷത്തിൽ ആർജിക്കാവുന്ന പരമാവധി ആർജിത അവധിയുടെ എണ്ണം 15 ദിവസമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി. ഷൈലജ. എം.ടി യുടെ സേവന പുസ്തകം പരിശോധിച്ചതിൽ മേൽ പരാമർശിച്ച സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിക്കാതെ മുഴുവൻ ആർജിത അവധിയും കണക്കിലെടുത്തിട്ടുണ്ട്. ആയതിനാൽ ശ്രീമതി. ഷൈലജ. എം.ടി യുടെ ആർജിത അവധിയുടെ കണക്ക് 21.06.2018 മുതൽ ക്രമീകരിക്കേണ്ടതാണ്.

## 1-16 പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിരൂപീകരിച്ചിട്ടുണ്ട്. കേരള ഗ്രാമീണ ബാങ്കിന്റെ വലിയപറമ്പ ശാഖയിൽ ഇതിനായ് ഒരു അക്കൗണ്ട് (നം 40433101031326) ആരംഭിച്ചിട്ടുണ്ട്. 16.06.2021ന് ആരംഭിച്ച ഈ അക്കൗണ്ടിൽ പ്രാരംഭ നിക്ഷേപമായുള്ള 500/- രൂപ മാത്രമാണ് നാളിതുവരെയുള്ള നിക്ഷേപം. പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിയിൽനിന്നും ആർക്കും ഇതുവരെ ധനസഹായവും നൽകിയിട്ടില്ല. പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി പേരിനുമാത്രം ആരംഭിച്ചതല്ലാതെ, ചട്ട പ്രകാരം ചെയ്യേണ്ടതായ മറ്റ് പ്രവർത്തനങ്ങളുന്നും ഗ്രാമ പഞ്ചായത്തിൽ നടന്നിട്ടില്ല. ആയതിനാൽ പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-17 ഇ ടെണ്ടർ അക്കൗണ്ട്- സൈറ്റുമായി മാപ്പ് ചെയ്തിട്ടില്ല.

പഞ്ചായത്ത് നടപ്പിലാക്കുന്ന വിവിധ മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടത്തുമ്പോൾ ബിഡ്ഡർമാർ ഓൺലൈൻ ആയി അടക്കുന്ന ബിഡ് സമർപ്പണ ഫീസ് ക്രഡിറ്റ് ചെയ്യപ്പെടുന്നതിനായി ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ, തൃക്കരിപ്പൂർ ശാഖയിൽ ഒരു അക്കൗണ്ട് (അക്കൗണ്ട് നം 37133987897) ആരംഭിച്ചിട്ടുണ്ട്. ഇ-ടെണ്ടർ മുഖേന ടെണ്ടർ-ബിഡ് സമർപ്പണ ഫീസ് ശേഖരിക്കുന്നതിനായി ആരംഭിച്ച അക്കൗണ്ട്, ഇ-ടെണ്ടറിന്റെ സൈറ്റുമായി മാപ്പ് ചെയ്തിട്ടില്ല. ആയതിനാൽ, ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ആരംഭിച്ച അക്കൗണ്ട് എത്രയും പെട്ടന്ന് ഇ-ടെണ്ടറിന്റെ സൈറ്റുമായി മാപ്പ് ചെയ്യേണ്ടതാണ്.

## 1-18 റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയില്ല.

പതിമൂന്നാം പദ്ധതിയിലെ 2018-2019 മുതലുള്ള വാർഷിക പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച മാർഗ്ഗരേഖയിലെ ( ജി.ഒ. (എം.എസ്) നം. 11/2018 /ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 29.01.2018 ) ഖണ്ഡിക. 7.13 ൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത്

ഓഡിറ്റ് വർഷം നടപ്പാക്കിയ റോഡ് പ്രവൃത്തികൾ ഇത്തരത്തിലുള്ള പ്ലാനിന്റെ അടിസ്ഥാനത്തിലല്ല ചെയ്തിരിക്കുന്നത്. റോഡ് പ്രവൃത്തികളുടെ പ്രൊജക്ട് തയ്യാറാക്കുന്നതിന് പ്രസ്തുത നിർദ്ദേശപ്രകാരമുള്ള റോഡ് കണക്ടിവിറ്റി പദ്ധതി അത്യാവശ്യമാണ്. പുതുതായി നിർമ്മിക്കേണ്ടതും, പരിഷ്കരിക്കേണ്ടതുമായ റോഡുകളെ കണ്ടെത്തി അവയ്ക്ക് അനുസൃതമായ രീതിയിൽ പ്രോജക്ടുകൾ തയ്യാറാക്കണം. ആയതിനാൽ പദ്ധതി മാർഗ്ഗരേഖയ്ക്കനുസൃതമായി റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി റോഡ് പ്രവൃത്തികൾ നടപ്പാക്കേണ്ടതാണ്.

## 1-19 കാലതാമസത്തിനു ചുമത്തിയ പിഴ -സേവിങ്ങ്സ് അക്കൗണ്ടിൽ നിക്ഷേപിച്ചു.

പഞ്ചായത്തിന്റെ എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗം നടപ്പിലാക്കിയ ചുവടെ പരാമർശിക്കുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവഹണത്തിലുണ്ടായിട്ടുള്ള കാലതാമസത്തിന് കരാർ വ്യവസ്ഥകൾ പ്രകാരമുള്ള പിഴ ഈടാക്കിയിട്ടുണ്ട്. കരാറുകാർക്ക് കരാർ വ്യവസ്ഥ പ്രകാരമുള്ള സമയ പരിധിക്കകം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുന്നില്ലെങ്കിൽ പ്രവൃത്തികളുടെ നിർവഹണത്തിലുള്ള കാലതാമസത്തിനുള്ള പിഴ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി പൂരകകരാർ ചമച്ച് നിർവഹണ കാലാവധി രേഖാമൂലം നീട്ടി നൽകേണ്ടതാണ്. ഇപ്രകാരം കരാറുകാരിൽ നിന്നും കാലതാമസത്തിനുള്ള പിഴയിനത്തിൽ ഈടാക്കുന്ന തുക ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിൽ ഒടുക്കുകയാണ് ചെയ്യേണ്ടിയിരുന്നത്. എന്നാൽ മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ അവാർഡ് എന്നിവയിൽ നിന്നുമുള്ള പ്രവൃത്തികളുടെ ബിൽ തുകകൾ നൽകുമ്പോൾ പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസത്തിനു ചുമത്തിയ പിഴ തുകകൾ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ട്രഷറിയിലുള്ള സേവിങ്ങ്സ് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതായി കാണുന്നു. പ്രവൃത്തികളുടെ ബില്ലുകൾ തീർപ്പാക്കുമ്പോൾ പിഴ തുകകൾ ക്രമീകരിക്കുന്ന സംഗതിയിൽ യഥാർത്ഥത്തിൽ പ്രവൃത്തിയുടെ മൂല്യത്തുകയിൽ നിന്നും പിഴയിനത്തിലുള്ള തുക കുറവ് ചെയ്ത് ബാക്കി തുക മാത്രമേ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിക്കേണ്ടതുള്ളൂ. അതിനു പകരം പിഴ തുക അടക്കമുള്ള തുക പിൻവലിച്ച് പിഴ തുക പഞ്ചായത്തിന്റെ സേവിങ്ങ്സ് അക്കൗണ്ടിലേക്ക് മാറ്റുക വഴി സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും തുക പിൻവലിച്ച് ഗ്രാമ പഞ്ചായത്തിന്റെ വരുമാനം ആക്കി മാറ്റുന്നതിലേക്ക് വഴി വച്ചു. ഇത് ശരിയല്ല. പഞ്ചായത്തിന്റെ 2019-2020 വർഷത്തിൽ 28,458/- രൂപ ഇപ്രകാരം വകമാറ്റിയിട്ടുണ്ട്. ഈ തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ് .

| പ്രവൃത്തിയുടെ പേര്, പ്രൊജക്ട് നമ്പർ. | കരാറുകാരന്റെ പേര് | എം. ബുക്ക്.നം | കരാറുകാരന് നൽകിയ തുക | ട്രഷറി ബിൽ നമ്പർ/ തീയ്യതി | ഫണ്ട് | കാല താമസ ത്തിനുള്ള പിഴയിന ത്തിൽ ഈടാക്കിയ തുക |
|---|---|---|---|---|---|---|
| സ്മാർട്ട് ക്ലാസ് റൂം സൗകര്യ മൊരുക്കൽ (പ്രൊ.നം.123/20) | പി.എം. പദ്മനാഭൻ | 28/18-19, 36/18-19 | ₹3,17,885/- | ..300271330- തി.25.06.2019 (ബിൽ തുക ₹3,39,207/-) | ധനകാര്യ കമ്മീഷൻ അവാർഡ് | ₹8,480/- |
| ബീച്ചാരക്കടവ് നൂറുൽ ഇസ്ലാം മദ്രസക്ക് മുൻവശത്തെ മെയിൻ റോഡിൽ നിന്ന് പടിഞ്ഞാറോട്ട് റോഡ് (പ്രൊ.നം.134/20) | കെ. കുഞ്ഞികൃഷ്ണൻ. | 37/18-19 | ₹1,84,239/- | .300473976 തി.13.08.2019 (ബിൽ തുക ₹1,93,935/-) | മെയിന്റനൻസ് ഫണ്ട് (റോഡ്) | ₹5,818/- |
| പടന്നകടപ്പുറം പി.എച്ച്.സി | പി.എം. പദ്മനാഭൻ | 92/19-20 | ₹1,41,628/- | ..301012192 തി.30.12.2019 | മെയിന്റനൻസ് | ₹4,472/- |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ് (പ്രൊ.നം.166/20) | | | | (ബിൽ തുക 1,49,082/-) | ഫണ്ട് (റോഡിതരം) | |
| നൂറൽ ഇസ്ലാം മദ്രസ പടിഞ്ഞാറോട്ട് റോഡ് ടാറിംഗ് (പ്രൊ.നം.131/20) | കെ. കുഞ്ഞികൃഷ്ണൻ. | 38/18-19 | ₹67,800/- | ..300361854 തി.19.07.2019 (ബിൽ തുക 4,00,012) | മെയിന്റനൻസ് ഫണ്ട് (റോഡ്) | ₹699/- |
| പട്ടേൽ കടപ്പുറം ബോട്ട് ജട്ടി റോഡ് ടാറിംഗ് തുടർച്ച. (പ്രൊ.നം.119/20) | കെ. കുഞ്ഞികൃഷ്ണൻ. | 35/18-19 | ₹1,89,678/- | ..300361854 തി.19.07.2019 (ബിൽ തുക ₹1,99,661) | ധനകാര്യ കമ്മീഷൻ അവാർഡ് | ₹5,989/- |
| മാവിലാകടപ്പുറം, ബീച്ചാരകടപ്പുറം, പടന്നകടപ്പുറം അങ്കണവാടി പുനരുദ്ധാരണം (പ്രൊ.നം.137/20) | രാജേഷ്.എം | 29/18-19, 103/19-20 | ₹1,34,356/- | ..6301012187 തി.31.12.2019 (ബിൽ തുക ₹1,40,160) | മെയിന്റനൻസ് ഫണ്ട് (റോഡിതരം) | ₹3,000/- |
| | | | | | ആകെ | 28,458/- |

## 1-20 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭിച്ചിട്ടില്ല.

2019-20 വർഷം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്റ്റ് നം.04/20 പ്രകാരം വലിയപറമ്പ എൻ.എച്ച്.എം ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി ട്രഷറി ബിൽ നം.0976106/ തി. 20.12.2019 പ്രകാരം 75,000/- രൂപ (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) കേരള ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ആലപ്പുഴ എന്ന സ്ഥാപത്തിന് നൽകിയിട്ടുണ്ട്. (പെർഫോമ ഇൻവോയ്സ് നം.PF/1109/തി.23.11.2019 ₹ 75,000/-). എന്നാൽ നാളിതുവരെ ഇതു പ്രകാരമുള്ള മരുന്ന് സ്ഥാപനത്തിന് ലഭിച്ചുകാണുന്നില്ല . തുക കൈമാറി ഒന്നര വർഷം കഴിഞ്ഞിട്ടും മരുന്ന് ലഭിക്കാത്ത വിഷയം അടിയന്തിരമായി ബന്ധപ്പെട്ട സ്ഥാപനത്തെ ധരിപ്പിച്ച് മേൽ പ്രൊഫോമ ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കി ഇതുപ്രകാരമുള്ള ഇൻവോയ്സ്, സ്റ്റോക്ക് രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതുവരെ പദ്ധതിക്കായി നടത്തിയ 75,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (എൻ.എച്ച്.എം ഡിസ്പെൻസറി ആയതിനാൽ ഓഡിറ്റ് വർഷം പദ്ധതി നിർവ്വഹണം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ് നിർവ്വഹിച്ചത്) (ഓഡിറ്റ് എൻക്വയറി നം.02/തി.24.06.2021)

## 1-21 തുണി സഞ്ചി നിർമ്മാണ യൂണിറ്റുകൾക്ക് ധനസഹായം -സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

2019-20 വർഷം നിർവ്വഹണ ഉദ്യോഗസ്ഥൻ വി.ഇ.ഒ (വലിയപറമ്പ സർക്കിൾ) നടപ്പിലാക്കിയ സ്പിൽഓവർ പദ്ധതികളായ വനിതാ ഗ്രൂപ്പുകൾക്ക് തുണി സഞ്ചി നിർമ്മാണ യൂണിറ്റ് (ജനറൽ) പ്രൊ. നം 144/20) , വനിതാ ഗ്രൂപ്പുകൾക്ക് തുണി സഞ്ചി നിർമ്മാണ യൂണിറ്റ് (പട്ടിക ജാതി) പ്രൊ.നം 145/20 എന്നിവ പ്രകാരം തുണിസഞ്ചി നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ബാക്കെൻഡ് സബ്സിഡിയായി വികസനഫണ്ടിൽ നിന്നും 3 ലക്ഷം രൂപ വീതം (ട്രഷറി ബിൽ നം.00358722/ തി. 19.07.2019 & 00429461/ തി.07/08/2019) യഥാക്രമം പുലരി കുടുംബശ്രീ മാവിലാക്കടപ്പുറം , തേജസ്വിനി കുടുംബശ്രീ ഒരിയര എന്നിവയ്ക്ക് അനുവദിച്ചിട്ടുണ്ട്. സബ്സിഡി തുക കേരള ഗ്രാമീൺ ബാങ്ക് വലിയപറമ്പ ശാഖയിലേയ്ക്ക് കൈമാറിയിട്ടുണ്ട്. സ്വയം തൊഴിൽ സംരംഭങ്ങൾക്ക്

സബ്സിഡി അനുവദിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ജി.ഒ (എം.എസ്)നം 22/2018 ത.സ്വ.ഭ.വ തിയതി 14.02.2018 ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ രേഖകളോടൊപ്പം പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചത് സാധൂകരിക്കുന്ന പല രേഖകളും സൂക്ഷിച്ച് കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1) പരമാർശിത യൂണിറ്റുകൾക്ക് അനുവദിച്ച സബ്സിഡി തുക ബന്ധപ്പെട്ടവരുടെ വായ്പാ അക്കൗണ്ടിൽ വകയിരുത്തിയതായി രേഖപ്പെടുത്തിയ വായ്പ അനുവദിച്ച ബാങ്ക് അധികൃതരുടെ കൈപ്പറ്റ് രസീതി ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും , പ്രസ്തുത യൂണിറ്റുകൾക്ക് സബ്സിഡി അനുവദിക്കുന്നതിന് മുമ്പ് വായ്പ അനുവദിച്ച് കൊണ്ട് ബാങ്ക് അധികൃതർ നൽകുന്ന വായ്പാ അനുമതി പത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വായ്പാ അനുമതി പത്രം രേഖാമൂലം ലഭിക്കാതെ സബ്സിഡി കണക്കാക്കിയതെങ്ങനെയെന്ന് വ്യക്തമല്ല.

2) മേൽ പരാമർശിച്ച രണ്ട് പ്രൊജക്ടുകൾ പ്രകാരം ഓരോന്നിലും ആകെ അടങ്കലിൽ 3 ലക്ഷം രൂപ സബ്സിഡിയും 3 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുന്നതുമാണ് . സബ്സിഡി തുക കൈപ്പറ്റിക്കൊണ്ടുള്ള ബാങ്ക് അധികൃതരുടെ കൈപ്പറ്റ് രസീതിയിൽ , വായ്പയായി എടുത്ത 4 ലക്ഷം രൂപയിൽ സബ്സിഡി തുക വകകൊള്ളിക്കുന്നു എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് . അംഗീകരിച്ച പദ്ധതി പ്രകാരം ചെലവഴിക്കേണ്ട സബ്സിഡിയുൾപ്പടെയുള്ള 6ലക്ഷം രൂപ ഗ്രൂപ്പുകൾ യൂണിറ്റുകൾ തുടങ്ങുന്നതിന് വിനിയോഗിച്ചിട്ടുണ്ടോയെന്നത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കൾ യൂണിറ്റ് ആരംഭിക്കുന്നതിനും, നടത്തിപ്പിനുമായി ചെലവഴിച്ച തുകയുമായി ബന്ധപ്പെട്ട രേഖകളോ ബില്ലുകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3) സംരംഭക കോസ്റ്റ് കണക്കാക്കുന്നതിന് പ്രവർത്തന മൂലധനവും , പ്രാരംഭ ചെലവുകളും കൂടി ആസ്തികളുടെ വിലയോടൊപ്പം കണക്കാക്കണം എന്ന നിർദ്ദേശവും, യൂണിറ്റ് കോസ്റ്റ് കണക്കാക്കുന്നതിന് അസംസ്കൃത വസ്തുക്കളുടെ വില, ആവർത്തന സ്വഭാവമുള്ള ചെലവുകൾ എന്നിവ കണക്കാക്കണമെന്ന നിർദ്ദേശവും പാലിച്ചത് സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4) ഗ്രൂപ്പ് അംഗങ്ങൾക്ക് മറ്റ് ഏജൻസികളിൽ നിന്നോ സർക്കാർ വകുപ്പുകളിൽ നിന്നോ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ സമാന ആനുകൂല്യം ലഭിച്ചിട്ടില്ലായെന്നത് സംബന്ധിച്ച സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5) ഗ്രൂപ്പ് ആരംഭിച്ച് 6 മാസം കഴിഞ്ഞ് ഗ്രേഡിങ്ങിൽ വിജയിച്ചത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

6) യൂണിറ്റ് രൂപീകരണം സംബന്ധിച്ച ബന്ധപ്പെട്ട കുടുംബശ്രീ യൂണിറ്റുകളുടെ യോഗ മിനിട്സ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

7) പട്ടികജാതി വിഭാഗത്തെ ഉൾപ്പെടുത്തി രൂപീകരിച്ച തേജസ്വിനി കുടുംബശ്രീ ഗ്രൂപ്പിൽ ഉൾപ്പെട്ട അംഗങ്ങളുടെ തിരിച്ചറിയൽ രേഖകൾ, ജാതി സർട്ടിഫിക്കറ്റ് പകർപ്പുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.അത് പോലെ പദ്ധതി രൂപീകരിക്കുന്നതിന് മുന്നോടിയായി വിശദമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

മേൽ പരാമർശിത രേഖകളും വിശദീകരണങ്ങളും ഓഡിറ്റിന് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കൂടുതൽ രേഖകൾ ബന്ധപ്പെട്ട യൂണിറ്റുകൾ വായ്പ അനുവദിച്ച ബാങ്കിൽ സമർപ്പിച്ചിട്ടുണ്ടെങ്കിൽ ബാങ്ക് അധികൃർ, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവരുടെ സാക്ഷ്യപ്പെടുത്തലോടു കൂടി അവയുടെ പകർപ്പുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത യൂണിറ്റുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ എന്നുള്ള കാര്യം നേരിട്ട് പരിശോധിച്ച് ഇത് സംബന്ധിച്ച് ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ് . പരാമർശിത നടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കുന്നതുവരെ മേൽ

പദ്ധതികൾക്കായി വികസനഫണ്ടിൽ നിന്നും നടത്തിയ 6,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.3 തി.24.06.2021)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2019-20 | 23-06-2021 & 24-06-2021 | അനുബന്ധം 1 ൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട് |

### 4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 100000 | ക്ഷീരകർഷകർക്ക് പാൽ വില സബ്സിഡി (82/20) | 100000 | 0 |
| | 2019-20 | 26857 | നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി(62/20) | 26857 | 0 |
| | 2019-20 | 126530 | സാന്ത്വന പരിചരണം (39/20) | 126530 | 0 |
| | 2019-20 | 150000 | ഭിന്നശേഷികാർക്കുള്ള സ്കോളർഷിപ്പ് ( 19/20) | 150000 | 0 |
| | 2019-20 | 1220000 | ലൈഫ്ഭവന പദ്ധതി (83/20) | 1220000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 100000 | സാന്ത്വന പരിചരണം (39/20) | 100000 | 0 |
| | 2019-20 | 26857 | നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി(62/20) | 26857 | 0 |
| | 2019-20 | 100000 | ഭിന്നശേഷികാർക്കുള്ള സ്കോളർഷിപ്പ് ( 19/20) | 100000 | 0 |

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ എജൻസി | പ്രോജക്ടിന്റെ പേര് | വൗച്ചർ നം /ബിൽ .നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷി ക്കുന്ന തുക |
|---|---|---|---|---|---|
| KSEB | Proj. No 158/20 പടന്ന ഇലക്ട്രിക്ക് സെക്ഷന് കീഴിലുള്ള 1,7,8,13 വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിച്ച് തെരുവ് വിളക്ക് സ്ഥാപിക്കൽ | -01151884/ 27-1-2020 & -01637378/ 29-03-2020 | 159649 | 159649 | - |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

വായ്പാ ഇനത്തിൽ ലഭിച്ച തുകയുടെ വിവരവും വായ്പയിനത്തിലുള്ള തിരിച്ചടവിന്റെ വിവരവും

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ്നമ്പർ/ തീയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS ഭവനപദ്ധതി ലോൺ | 423/2010 LSGD Dt 09/02/2010 | 74,20,250/- | 4,42,600/- | 4,42,600 | 0 | മുതൽ ഇല്ല |
| ലൈഫ് മിഷൻ | GO(MS) 68/18 തീയതി 18/05/2018, GO(MS) 100/18 തീയതി 30/07/18, GO(MS) 110/18 തീയതി 13/08/2018 | 1,12,12,413 | 80,92,413+ തൻവർഷ വരവ് 31,20,000= 1,12,12,413 | 7,64,706 | 0 | 1,04,47,707 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് വർഷം ഈയിനത്തിൽ വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ

| ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വർഷം | | വർഷം | | | |
| 1999-00 | 16 | 2005-06 | 2.95 | KSEB, KWA എന്നിവയിൽ തുക നിക്ഷേപിച്ചത് | കെ.എസ്.ഇ.ബി.വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി.KWA തിരികെ ഒടുക്കിയ തുക സഞ്ചിത നിധിയിൽ ഒടുക്കുവാൻ നർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യം ഡയറക്ടറേറ്റിലേയ്ക്ക് അറിയിച്ചിട്ടുണ്ട് (No.Ksa/Ksd.11/1124/17 Dt.20.11.2017) (LFAC 2016-19-പരിഗണനയിൽ (21-11-2017ന് സിറ്റിങ്ങ് നടത്തി) |
| 1998-99 | 11 | 2005-06 | 2.95.2 | മുൻകൂർ നല്കി പ്രവൃത്തി പൂർത്തീകരിച്ചില്ല. | തൃക്കരിപ്പൂർ കടപ്പുറം - രാമന്തളി മരപ്പാലം നിർമ്മാണ പ്രവൃത്തി കൺവീനർക്ക് മുൻകൂർ നല്കിയത് സംബന്ധിച്ച പരാമർശം പ്രകാരമുള്ള തടസ്സവാദം ഒഴിവാക്കിത്തരണമെന്നും ഭരണ സമിതിയുടെ 16-11-17 ലെ 3(2) നമ്പർ തീരുമാനം പ്രകാരം അപേക്ഷിച്ചിട്ടുണ്ട്. (ഗ്രാമ പഞ്ചായത്ത് സെക്രട്ടറി യുടെ 18.11.2017ലെ എ2245/17നമ്പർ കത്ത്).തുടർന്ന് ഇതു സംബന്ധിച്ച എഞ്ചിനിയറുടെ സാക്ഷ്യപത്രവും ലഭ്യമാക്കി . ഇക്കാര്യം ഡയറക്ടറേറ്റി ലേയ്ക്ക് അറിയിച്ചിട്ടുണ്ട് (No.Ksa/Ksd.11/952/18 Dt.03.09.2018) (LFAC 2016-19-പരിഗണനയിൽ (21-11-2017ന് സിറ്റിങ്ങ് നടത്തി) |
| 2014-15 | 2-1 | 2016-17 | അധ്യായം.2 അനുബന്ധം 4 | തൊഴിൽ നികുതി പരാമർശങ്ങൾ | മറുപടി ലഭ്യമാക്കിയില്ല പരാമർശം തുടരുന്നു |
| 2015-16 | 2-5 | 2016-17 | അധ്യായം.2 അനുബന്ധം 5 | തൊഴിൽ നികുതി പരാമർശങ്ങൾ | മറുപടി ലഭ്യമാക്കിയില്ല പരാമർശം തുടരുന്നു |
| ഭൂമിശാസ്ത്ര പരമായും പാരിസ്ഥി തികമായും ആയുള്ള വിഭിന്ന സാഹചര്യ | - | 2017-18 | അധ്യായം 6 പേജ് 441&442 | ഭൂമിശാസ്ത്ര പരമായും പാരിസ്ഥി തികമായും ആയുള്ള വിഭിന്ന സാഹചര്യ ങ്ങളിൽ | മറുപടി ലഭ്യമാക്കിയില്ല പരാമർശം തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| ങ്ങളിൽ പരാധീനത നേരിടുന്ന ഗ്രാമ പഞ്ചായത്തുകൾ അവലോകനം -2017-18 | | | | പരാധീനത നേരിടുന്ന ഗ്രാമ പഞ്ചായത്തുകൾ | |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹3,29,95,682 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹3,21,63,299 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹6,75,000/- |

(ബി). ഗ്രാമ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | ഇല്ല | ഇല്ല | ഇല്ല |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | ₹ 75,000/- | രാജേഷ് .ആർ , (സെക്രട്ടറി ഇൻ ചാർജ്ജ്) |
| 1-21 | ₹6,00,000/- | ജിജേഷ് വി ശശീന്ദ്രൻ, (വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ) |
| ആകെ | ₹6,75,000/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇല്ല | ഇല്ല | ഇല്ല |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1987-88 To 1990-91 | നം.KSA/KSD9/291/2019(1) തിയ്യതി.30.05.2019 | 2 |
| 1991-92 To 1995-96 | നം.KSA/KSD9/291/2019(2) തിയ്യതി.30.05.2019 | 1 |
| 1996-97 (Final) | നം.KSA/KSD9/291/2019(3) തിയ്യതി30.05.2019 | 4 |
| 1997-98 Plan | നം.KSA/KSD9/291/2019(4) തിയ്യതി.30.05.2019 | 2 |
| 1998-99 Plan | നം.LF/KSD. 4/819 /03 / തിയ്യതി 10.05.05 | 7 |
| 1996-97 | നം.LF/KSD.4 /611 /05 / തിയ്യതി 19.02.07 | 3 |
| 1997-98 | നം.LF/KSD. 4/177/ 07 / തിയ്യതി.17.08.07 | 21 |
| 1998-99 | നം.LF/KSD. 3/175 /07 / തിയ്യതി 17.08.07 | 4 |
| 1999-2000 | നം.KSA/KSD. 9/291 /2019 (6) തിയ്യതി 30.05.19 | 2 |
| 2000-01 | നം.LF/KSD. 4/ 382/ 11/ തിയ്യതി 12.10.11 | 2 |
| 2001-02 | നം.LF/KSD. 4/93 /03 / തിയ്യതി 12.10.11 | 2 |
| 2002-03 | നം.LF/KSD. 3/107 /09 / തിയ്യതി 25.08.09 | 8 |
| 2003-04 | നം.LF/KSD. 3/108 /09 / തിയ്യതി 27.08.09 | 9 |
| 2004-05 | നം.LF/KSD. 3/ 109/09 / തിയ്യതി 14.09.09 | 17 |
| 2005-06 | നം.LF/KSD. /3 /312 /10 തിയ്യതി 17.09.09 | 12 |
| 2006-07 | നം.LF/KSD.3/ 313/10 / തിയ്യതി 17.09.10 | 5 |
| 2007-08 | നം.LF/KSD. 4/ 400/11 / തിയ്യതി 14.12.11 | 5 |
| 2008-09 | നം.LF/KSD.7/ 234/13 / തിയ്യതി.03.04.13 | 18 |
| 2009-10 | നം.LF/KSD. 7/ 235/13 / തിയ്യതി.03.04.13 | 18 |
| 2010-11, 2011-12 | നം.LF/KSD. 8/663 /15 / തിയ്യതി 14.07.15 | 15 |
| 2012-13, 2013-14 | നം.LF/KSD.8/508 /15 / തിയ്യതി 07.01.16 | 12 |
| 2014-15 | നം.KSA/KSD. 9/796 /16 / തിയ്യതി 29.07.16 | 14 |
| 2015-16 | നം.KSA/KSD. 9/2/17 / തിയ്യതി 05.01.17 | 15 |
| 2016-17 | നം.KSA/KSD.9/682/2017തിയ്യതി:22.06.2017 | 15 |
| 2017-18 | നം.KSA/KSD.9/083/2019തിയ്യതി:29.01.2019 | 14 |
| 2018-19 | നം.KSA/KSD.9/40/2020 തിയ്യതി:05.02.2020 | 15 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കാസർഗോഡ് ജില്ലയിലെ വലിയപറമ്പ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ വലിയപറമ്പ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3

# റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| Valiyaparamba Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 4840424.00 |
| Cash | Cash | RP-40(a) | 67084.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 388490.00 |
| 140000000 | Fees & User Charges | RP-4 | 190663.00 |
| 150000000 | Sale & Hire Charges | RP-5 | 105604.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 22960985.00 |
| 171000000 | Interest Earned | RP-9 | 76873.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 5070671.00 |
| 350000000 | Other Liabilities | RP-36 | 15851.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 30234.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 1690.00 |
| 330000000 | Secured Loans | RP-32 | 3120000.00 |
| 340000000 | Deposits Received | RP-34 | 69197.00 |
| 350000000 | Other Liabilities | RP-36 | 101554.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 863870.00 |
| | Grand total | | 37903190.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2576322.00 |
| 220000000 | Administrative Expenses | RP-12 | 357999.00 |
| 230000000 | Operations & Maintenance | RP-13 | 258901.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 1595022.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 10936277.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 721136.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 538470.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 123360.00 |
| | | | |



| | | | |
|---|---|---|---|
| 255000000 | Maintenance Projects | RP-20 | 1361796.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 44486.00 |
| 280000000 | Prior Period item | RP-26 | 228792.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 190771.00 |
| 350000000 | Other Liabilities | RP-36 | 3127191.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1685.00 |
| 280000000 | Prior Period Item | RP-26 | -5834.00 |
| 340000000 | Deposits Received | RP-34 | 25480.00 |
| 350000000 | Other Liabilities | RP-36 | 1111433.00 |
| 410000000 | Fixed Assets | RP-38 | 1475779.00 |
| 412000000 | Capital work in Progress | RP-40 | 3460253.00 |
| 440000000 | Pre-paid Expenses | RP-45 | 3120000.00 |
| 460000000 | Loans, Advances and Deposits | RP-47 | 913980.00 |

| | Closing Balance | | |
|---|---|---|---|
| Bank | Bank | RP-40(b) | 5739891.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 37903190.00 |



## അനുബന്ധം-4

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Valiyaparamba Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 1393904.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1450.00 |
| 140000000 | Fee & User Charges | I-4(b) | 212113.00 |
| 150000000 | Sale & Hire Charges | I-5(b) | 113474.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 51966270.00 |
| 171000000 | Interest Earned | I-8 | 76873.00 |
| 180000000 | Other Income | I-9 | 1690.00 |
| | Total Income | | 53765774.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 7226389.00 |
| 220000000 | Administrative Expenses | I-11(b) | 357999.00 |
| 230000000 | Operations & Maintenance | I-12(b) | 256311.00 |
| 240000000 | Interest & Finance Charges | I-13 | 1685.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 2195022.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 32925641.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 721136.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 538470.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 6510600.00 |
| 255000000 | Maintenance Projects | I-14(e) | 1361796.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 44486.00 |
| 272000000 | Depreciation | I-17(a) | 0.0 |
| | Total Expenditure | | 52139535.00 |
| | Gross Surplus/ Deficit of income over Expenditure | | 1626239.00 |
| 280000000 | Prior Period Item | I-18 | 2168399.51 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -542160.51 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |



## അനുബന്ധം-5

# ബാലൻസ് ഷീറ്റ്

| | | | |
|---|---|---|---|
| | Valiyaparamba<br>Grama Panchayat<br>BALANCE SHEET | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -10865953.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 38605140.00 |
| | Total Reserve & Surplus | | 27739187.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 4314622.00 |
| | Total Grants, Contributions for Specific Purposes | | 4314622.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 10447707.00 |
| | Total Loans | | 10447707.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 595422.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1000926.00 |
| | Total Current Liabilities and Provisions | | 1596348.00 |
| | TOTAL LIABILITIES | | 44097864.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 53372929.00 |
| 411000000 | Accumulated Depreciation | B-11 | -25839592.00 |
| 412000000 | Capital Work in Progress | B-11(a) | 216169.00 |
| | Total Fixed Assets | | 27749506.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 47525.00 |
| 440000000 | Pre-paid Expenses | B-16 | 10447707.00 |
| 450000000 | Cash and Bank Balance | B-17 | 5739891.00 |
| 460000000 | Loans, Advances and Deposits | B-18 | 113235.00 |
| | Total Current Assets, Loans and Advances | | 16348358.00 |
| | | | |



| | |
|---|---|
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 44097864.00 |